# കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്

തിരുവിതാംകൂർ ദേവസ്വം ബോർഡ് ബിൽഡിംഗ്
എം.ജി.റോഡ്, ആയുർവേദ കോളേജ് ജംഗ്ഷന്
തിരുവനന്തപുരം -695001
e.mail:kdrbtvm@gmail.com
web:www.kdrb.kerala.gov.in, Ph:0471-2339377

**തിരുത്തൽ വിജ്ഞാപനം**

നമ്പർ. 1393/ആർ 2/2025/KDRB 22.10.2025

**വിഷയം :** കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് - ഗുരുവായൂർ ദേവസ്വം - 29.03.2025 തീയതിയിലെ 466/R2/2025/KDRB നമ്പർ വിജ്ഞാപനം - സംബന്ധിച്ച്

**സൂചന :** 1 . 29.10.2024 ലെ ബോർഡ് തീരുമാനം
2 . 29.03.2025 തീയതിയിലെ 466/R2/2025/KDRB നമ്പർ വിജ്ഞാപനങ്ങൾ (കാറ്റഗറി നം 001/2025 മുതൽ 038/2025 വരെ ).
3. 22.10.2025 ലെ ബോർഡ് തീരുമാനം.

ബഹു: സുപ്രീം കോടതി വിധിയെ തുടർന്ന് ഗുരുവായൂർ ദേവസ്വം റിപ്പോർട്ട് ചെയ്ത 38 തസ്തികകളിലേയ്ക്ക് കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് 29.03.2025 തീയതിയിൽ പുറപ്പെടുവിച്ച 466/R2/2025/KDRB നമ്പർ വിജ്ഞാപനങ്ങളിലെ ഖണ്ഡിക 10 മറ്റ് വിവരങ്ങൾ എന്ന കോളത്തിലെ ഉപഖണ്ഡിക 2 "കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് നടത്തുന്ന തെരഞ്ഞെടുപ്പിന്റെ അടിസ്ഥാനത്തിൽ ലിസ്റ്റിൽ വരാൻ യോഗ്യത നേടുന്ന (കട്ട് ഓഫ് മാർക്കും അതിനു മുകളിലും മാർക്ക് ലഭിച്ചിട്ടുള്ള) ഗുരുവായൂർ ദേവസ്വത്തിൽ താല്കാലികമായി/ദിവസവേതന അടിസ്ഥാനത്തിൽ ഇതേ തസ്തികയിൽ ജോലി ചെയ്യുന്നവരോ, ചെയ്തിട്ടുള്ളവരോ ആയ ജീവനക്കാർക്ക് അവർ മറ്റു വിധത്തിൽ യോഗ്യരാണെങ്കിൽ അവരുടെ താത്കാലിക സേവനം കണക്കാക്കി പൂർത്തീകരിച്ച ഓരോ വർഷത്തിനും ഒരു മാർക്ക് എന്ന കണക്കിൽ പരമാവധി 10 മാർക്ക് വരെ ഗ്രേസ് മാർക്ക് നൽകുന്നതാണ്". എന്ന വ്യവസ്ഥ താഴെപ്പറയും പ്രകാരം തിരുത്തി വിജ്ഞാപനം പുറപ്പെടുവിക്കുന്നു.

"കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് നടത്തുന്ന തെരഞ്ഞെടുപ്പിന്റെ അടിസ്ഥാനത്തിൽ പരീക്ഷ എഴുതുന്ന/ അഭിമുഖത്തിൽ പങ്കെടുക്കുന്ന ഗുരുവായൂർ ദേവസ്വത്തിൽ താല്കാലികമായി/ദിവസവേതന അടിസ്ഥാനത്തിൽ ഇതേ തസ്തികയിൽ ജോലി ചെയ്യുന്നവരോ, ചെയ്തിട്ടുള്ളവരോ ആയ ജീവനക്കാർക്ക് അവർ മറ്റു വിധത്തിൽ യോഗ്യരാണെങ്കിൽ അവരുടെ താത്കാലിക സേവനം കണക്കാക്കി പൂർത്തീകരിച്ച ഓരോ വർഷത്തിനും ഒരു മാർക്ക് എന്ന കണക്കിൽ പരമാവധി 10 മാർക്ക് വരെ ഗ്രേസ് മാർക്ക് നൽകുന്നതാണ്."

ടി വിജ്ഞാപനങ്ങളിലെ മറ്റ് വ്യവസ്ഥകൾക്ക് മാറ്റമുണ്ടായിരിക്കുന്നതല്ല.

(ബോർഡ് ഉത്തരവിൻ പ്രകാരം )
ഒപ്പ്/-
സെക്രട്ടറി

അംഗീകാരത്തോടെ

മാനേജർ